സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ

87 (1112) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ അവ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

88 (1113) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിവർഷം സ്കൂൾതലത്തിൽ അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങളെ സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.സി./എസ്.ടി. പെൺകുട്ടികൾക്കുള്ള ഇൻസെന്റീവ് സ്കോളർഷിപ്പ് മാത്രമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ടി. സ്കോളർഷിപ്പിന് ഗവൺമെന്റ്/എയ്ഡഡ് സ്കൂളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന 16 വയസ്സ് പൂർത്തിയാകാത്തവരും വിവാഹിതരല്ലാത്തവരുമായ എല്ലാ എസ്.സി./എസ്.ടി. പെൺകുട്ടികൾക്കും അർഹതയുണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയമാണ് ടി സ്കോളർഷിപ്പ് നൽകിവരുന്നത്. അർഹരായവരുടെ ലിസ്റ്റ് മാനവ വിഭവശേഷി മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും അർഹരാകുന്ന കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 3,000 രൂപ നിക്ഷേപിക്കുകയും ചെയ്യുന്നു. തുടർന്ന് എസ്.എസ്.എൽ.സി. പാസ്സാവുകയും 18 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്നമുറയ്ക്ക് 3,000 രൂപയും അതുവരെയുള്ള ഇൻസെന്റീവും ചേർന്ന തുക കുട്ടികൾക്ക് ലഭിക്കുകയും ചെയ്യുന്നു.

(ബി) ന്യൂനപക്ഷ ക്ഷേമത്തിനായി പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിലുൾപ്പെടുത്തിയ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്ന സെൻട്രൽ സെക്ടർ സ്കീം പ്രകാരം, മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ എന്നീ വിഭാഗങ്ങളിലെ ഒന്നുമുതൽ പത്ത്വരെ ക്ലാസ്സുകളിലെ സമർത്ഥരും ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ളവരുമായ കുട്ടികൾക്ക് പ്രതിവർഷം 1,000 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly